# CURRENT AFFAIRS 28 FEB 2024

## ദേശീയ ശാസ്ത്ര ദിനം

**ഫെബ്രുവരി 28**

- 2024 Theme - "Indigenous Technologies for Viksit Bharat"
- 1928 ഫെബ്രുവരി 28 ന് ഇന്ത്യൻ ഭൗതികശാസ്ത്രജ്ഞനായ സർ സി വി രാമൻ 'രാമൻ പ്രഭാവം' കണ്ടെത്തിയതിന്റെ ഓർമ്മയ്ക്കായാണ് എല്ലാ വർഷവും ഫെബ്രുവരി 28 ന് ഇന്ത്യയിൽ ദേശീയ ശാസ്ത്ര ദിനം ആഘോഷിക്കുന്നത്.



സി.വി. രാമൻ

## ലോക്പാലിന്റെ അധ്യക്ഷനായി നിയമിതനായത്

**ജസ്റ്റിസ് ഖാൻവിൽക്കർ**



ജസ്റ്റിസ് ഖാൻവിൽക്കർ

## ഗൂഗിൾ പ്ലേസ്റ്റോറിന് ബദലായി ഫിൻടെക് കമ്പനിയായ ഫോൺപേ പുറത്തിറക്കിയ ആപ്ലിക്കേഷൻ

**ഇൻഡസ് ആപ്പ് സ്റ്റോർ**

## സൂര്യനിൽ നിന്നുള്ള കൊറോണൽ മാസ് ഇജക്ഷനുകളുടെ (CME) ആഘാതം വിജയകരമായി കണ്ടെത്തിയ ഐഎസ്ആർഒ യുടെ പേടകം

**ആദിത്യ എൽ1**

- ആദിത്യ എൽ1 പേടകത്തിലെ പേലോഡായ പ്ലാസ്മ അനലൈസർ പാക്കേജ് ഫോർ ആദിത്യയാണ് സൗരവാതത്തിലെ കൊറോണൽ മാസ് ഇജക്ഷനുകളുടെ ആഘാതം കണ്ടെത്തിയത്.
- സൂര്യന്റെ കൊറോണയിൽനിന്ന് ഹീലിയോസ്ഫിയറിലേക്ക് പ്ലാസ്മയുടേയും കാന്തികമണ്ഡലങ്ങളുടെയും വലിയ കൂട്ടത്തെ പുറന്തള്ളുന്നതിനെയാണ് കൊറോണൽ മാസ് ഇജക്ഷൻ എന്ന് പറയുന്നത്.
- ഇന്ത്യയുടെ പ്രഥമ സൗരദൗത്യമാണ് ആദിത്യ എൽ1



## അടുത്തിടെ വയനാട്ടിൽ നിന്നും കണ്ടെത്തിയ പുതിയ ഇനം ഫംഗസ്

**ഗോമ്പസ് സാമൂരിനോറം**

- സാമൂതിരിമാരോടുള്ള ബഹുമാനാർത്ഥമാണ് 'ഗോമ്പസ് സാമൂരിനോറം' എന്നു പേര് നൽകിയത്.

## 2024 സീസണിലെ എഫ്.ഐ.എം. ഏഷ്യ റോഡ് റേസിംഗ് ചാമ്പ്യൻഷിപ്പിനായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പുറത്തിറക്കിയ കസ്റ്റമൈസ്ഡ് ഇന്ധനം

**സ്റ്റോം**